"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് - കോട്ടയം ജില്ലാ എക്സിക്യൂട്ടിവ് ഓഫീസർ തസ്തികയിൽ തൊഴിൽ വകുപ്പിൽ ലേബർ കമ്മീഷണറുടെ കാര്യാലയത്തിലെ ഫെയർ കോപ്പി സൂപ്രണ്ട് ശ്രീ.ശിവറാം.എച്ച് -നെ അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് - ഉത്തരവാകുന്നു.

---

**തൊഴിലും നൈപുണ്യവും(ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.627/2024/LBR തീയതി,തിരുവനന്തപുരം, 13-06-2024**

---

പരാമർശം:-

1. 10.5.2013 ലെ നമ്പർ 42/2013/ധന നമ്പർ സർക്കുലർ.
2. 28.11.2013 ലെ സ.ഉ. (പി) 580/2013/ധന നമ്പർ ഉത്തരവ്.
3. ശ്രീ.ശിവറാം.എച്ച് സമർപ്പിച്ച 14.03.2024 ലെ അപേക്ഷ.
4. ലേബർ കമ്മീഷണറുടെ 19.03.2024 ലെ LCO/4642/2024-(E7) നമ്പർ കത്ത്.
5. കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് ചീഫ് എക്സിക്യൂട്ടിവ് ഓഫീസറുടെ 25.03.2024 ലെ ഇ1/133/2023/KSUWSSB നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് കോട്ടയം ജില്ലാ ഓഫീസിൽ ഒഴിവുള്ള എക്സിക്യൂട്ടിവ് ഓഫീസർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കപ്പെടുന്നതിനായി തൊഴിൽ വകുപ്പിൽ ലേബർ കമ്മീഷണറുടെ കാര്യാലയത്തിലെ ഫെയർ കോപ്പി സൂപ്രണ്ട് ശ്രീ.ശിവറാം.എച്ച് സമർപ്പിച്ച അപേക്ഷയും ലേബർ കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രവും സർക്കാരിന്റെ പരിഗണനക്കായി ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ ലഭ്യമാക്കിയിരിക്കുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് കോട്ടയം ജില്ലാ ഓഫീസിൽ ഒഴിവുള്ള ജില്ലാ എക്സിക്യൂട്ടിവ് ഓഫീസർ തസ്തികയിൽ തൊഴിൽ വകുപ്പിൽ ലേബർ കമ്മീഷണറുടെ കാര്യാലയത്തിലെ ഫെയർ കോപ്പി സൂപ്രണ്ട് ശ്രീ.ശിവറാം.എച്ച്-നെ നിലവിലെ അന്യത്രസേവന ചട്ടങ്ങൾക്ക് വിധേയമായും കേരള സർവീസ് ചട്ടങ്ങൾ ഭാഗം I, ചട്ടം 140(സി) യിലെ വ്യവസ്ഥകൾ പാലിക്കണമെന്ന നിബന്ധനയോടു കൂടിയും ഒരു വർഷ കാലാവധിയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്ധ്യ എസ് ആർ
അണ്ടർ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ, കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്, തിരുവനന്തപുരം.

ലേബർ കമ്മീഷണർ, തിരുവനന്തപുരം.

ശ്രീ.ശിവറാം.എച്ച് (ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ മുഖേന).

പ്രിൻസിപ്പൽ അക്കാണ്ടൻറ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Abhilash S S
സെക്ഷൻ ഓഫീസർ
Date: 13-06-2024 15:17:28

പകർപ്പ്

ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.

തൊഴിൽ വകുപ്പ് സെക്രട്ടറിയുടെ സി.എ.